# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---


**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 16 ശനി**


---

# തിരഞ്ഞെടുപ്പ്: പോളിങ് ഓഫീസർമാരുടെ നിയമന നടപടി ആരംഭിച്ചു

ആലപ്പുഴ: 2019 ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പോളിങ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾക്ക് കളക്ട്രേറ്റിൽ ശനിയാഴ്ച തുടക്കമായി. 1704 പോളിങ് ബൂത്തുകളിലേക്കുള്ള പോളിങ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള ഡാറ്റാ എൻട്രിയ്ക്ക് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ എസ്.സുഹാസ് തുടക്കംകുറിച്ചു. കള്കട്രേറ്റിൽ പ്ലാനിങ് ഓഫീസിലാണ് നടപടിക്രമങ്ങൾക്ക് തുടക്കമായത്. 12000 സർക്കാർ ജീവനക്കാരെയാണ് ജില്ലയിൽ തിരഞ്ഞെടുപ്പിനായി നിയോഗിക്കുന്നത്. ചടങ്ങിൽ ഇലക്ഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തു.

# കായംകുളം നിയോജക മണ്ഡലത്തിൽ സിവിജിൽ ആപ്പ് പരിശീലനം

ആലപ്പുഴ: ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റചട്ടം പാലിക്കാത്തത് സംബന്ധിച്ചുള്ള പരാതികൾ സിവിജിൽ മൊബൈൽ ആപ്പ് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കാവുന്നതാണ്. മാർച്ച് 18 മുതൽ 21 വരെയുള്ള തീയതികളിൽ കായംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലങ്ങളിൽ സിവിജിൽ മൊബൈൽ ആപ്പ് സംബന്ധിച്ച പരിശീലനം നടത്തുമെന്ന് കായംകുളം അസി.റിട്ടേണിംഗ് ആഫീസറായ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മീനാകുമാരി അമ്മ അറിയിച്ചു. 18ന് 10.30ന് കായംകുളം മുനിസിപ്പൽ ഓഫീസ്, 19ന് 10.30ന് ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് ആഫീസ്, ഉച്ചയ്ക്ക് ശേഷം രണ്ടിന് കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ആഫീസ്, 20ന് 10.30ന് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ആഫീസ്, ഉച്ച കഴിഞ്ഞ് രണ്ടുമണിക്ക് പത്തിയൂർ ഗ്രാമപഞ്ചായത്ത് ആഫീസ്, 21ന് 10.30ന് ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ആഫീസ്, ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് ആഫീസ് എന്നിവിടങ്ങളിലാണ് പരിശീലനം.

# പെയ്ഡ് ന്യൂസ്: മാധ്യമനിരീക്ഷണത്തിനു സമിതി

ആലപ്പുഴ: ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ഇലക്ട്രോണിക് മാധ്യമങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പരസ്യങ്ങൾ സർട്ടിഫൈ ചെയ്യാനും അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിൽ പണം നൽകി വാർത്തകൾ (പെയ്ഡ് ന്യൂസുകൾ) പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം/പ്രക്ഷേപണം നടത്തുകയോ ചെയ്യുന്നുണ്ടോയെന്നു പരിശോധിക്കാനും ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റി (എം.സി.എം.സി.) രൂപീകരിച്ചതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ എസ്.സുഹാസ് അറിയിച്ചു.

ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ എസ്.സുഹാസ് ചെയർമാനും, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല മെമ്പർ സെക്രട്ടറിയും പി.ആർ.ഡി. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പി.ശ്യാം കുമാർ, കേന്ദ്ര സർക്കാരിന്റെ ഫീൽഡ് എക്സിബിഷൻ ഓഫീസർ എൽ.സി.പൊന്നുമോൻ, പ്രസ് ക്ലബ് പ്രസിഡന്റ് വി.എസ്.ഉമേഷ്, ജില്ലാ ലോ ഓഫീസർ സി.ഡി.ശ്രീനിവാസ് എന്നിവർ അംഗങ്ങളുമായ സമിതിയാണ് രൂപവത്കരിച്ചത്. സമിതിയുടെ ആദ്യയോഗം ശനിയാഴ്ച അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അബ്ദുൾ സലാമിന്റെ അധ്യക്ഷതയിൽ കൂടി.

ജില്ലാതലത്തിൽ തെരഞ്ഞെടുപ്പു പരസ്യങ്ങളുടെ സർട്ടിഫിക്കേഷനൊപ്പം പത്ര-ഇലക്ട്രോണിക് മാധ്യമങ്ങൾ നിരീക്ഷിക്കുകയും പരസ്യങ്ങൾ, പെയ്ഡ് ന്യൂസ്, സ്ഥാനാർഥികളുമായും രാഷ്ട്രീയകക്ഷികളുമായി ബന്ധപ്പെട്ട വാർത്തകൾ എന്നിവ റെക്കോഡു ചെയ്യുകയും ചെയ്യും. മാതൃകാപെരുമാറ്റച്ചട്ടം നിലവിലിരിക്കുമ്പോൾ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും കേബിൾ ചാനലുകൾ, റേഡിയോ, സോഷ്യൽ മീഡിയ എന്നിവയടക്കമുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും സിനിമാ തീയറ്ററുകളും വഴി പരസ്യങ്ങൾ സംപ്രേഷണം/പ്രക്ഷേപണം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളിൽ ശ്രവ്യ-ദൃശ്യ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും സമിതിയുടെ മുൻകൂർ അനുമതി വാങ്ങണം.

ഏതെങ്കിലും സ്ഥാനാർഥിയെയോ രാഷ്ട്രീയപാർട്ടിയേയോ പുകഴ്ത്തിയോ ഇകഴ്ത്തിയോ ഒന്നിലധികം പത്രങ്ങളിൽ സമാനമായോ മിനുക്കുപണികളോടെയോ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകളും മറ്റും പെയ്ഡ് ന്യൂസിന്റെ ഗണത്തിലാണോയെന്നു പരിശോധിക്കും. ഇലക്ട്രോണിക് മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യപ്പെടുന്നവയും നിരീക്ഷിക്കും. ഇതു സംബന്ധിച്ച് സ്ഥാനാർഥിയോട് വിശദീകരണം തേടും. പെയ്ഡ് ന്യൂസാണെന്നു തെളിഞ്ഞാൽ പരസ്യം എന്ന നിലയിൽ സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് ചെലവിൽ തുക ഉൾക്കൊള്ളിക്കാൻ നടപടിയെടുത്ത് തെരഞ്ഞെടുപ്പ് കമ്മിഷനു റിപ്പോർട്ട് ചെയ്യും. മാതൃകാപെരുമാറ്റചട്ടങ്ങൾക്ക് എതിരായ പ്രവർത്തനവും റിപ്പോർട്ട് ചെയ്യും.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെയ്ഡ് ന്യൂസുകളും സ്ഥാനാർഥികളുടെയും രാഷ്ട്രീയപാർട്ടികളുടെയും വാർത്തകളും പരസ്യങ്ങളും അവലോകനം ചെയ്യുന്ന കമ്മിറ്റി ഓരോ സ്ഥാനാർഥിയേയും കുറിച്ചുള്ള റിപ്പോർട്ട് അക്കൗണ്ടിങ് ടീമിനും റിട്ടേണിങ് ഓഫീസർക്കും ചെലവു നിരീക്ഷകനും നൽകും.
സ്വതന്ത്രമായും പരപ്രേരണ കൂടാതെയും വോട്ടുചെയ്യാനുള്ള സമ്മതിദായകന്റെ അവകാശത്തിൽ പെയ്ഡ് ന്യൂസുകൾ അനുചിതമായ സ്വാധീനം ചെലുത്തുന്നതായും തെരഞ്ഞെടുപ്പിൽ പണത്തിന്റെ സ്വാധീനശക്തിക്ക് അവ പ്രോത്സാഹനം നൽകുന്നതായും കണ്ടെത്തിയതിനെ തുടർന്നാണ് തെരഞ്ഞെടുപ്പ് കമ്മിഷൻ എം.സി.എം.

സി.ക്കു രൂപം നൽകിയത്.